പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3085 — 13.7.2015-ൽ മറുപടി നൽകിയത്

## വിചാരണത്തടവുകാരുടെ കേസുകൾ

ചോദ്യം

ശ്രീ.റോഷി അഗസ്റ്റിൻ
ശ്രീ.എം.വി.ശ്രേയാംസ് കുമാർ
ഡോ.എൻ.ജയരാജ്

മറുപടി

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) സംസ്ഥാനത്തെ ജയിലുകളിൽ തടവുകാരുടെ എണ്ണം വർദ്ധിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) വിചാരണത്തടവുകാരുടെ കേസുകൾ വേഗത്തിൽ പൂർത്തിയാക്കുന്നതു സംബന്ധിച്ച തീരുമാനം വ്യക്തമാക്കുമോ; | ബി) ആറുമാസത്തിലേറെയായി ജയിലുകളിൽ കഴിയുന്ന വിചാരണ തടവുകാരുടെ കേസ്സുകൾ റിവ്യൂ ചെയ്ത് വേഗത്തിൽ തീർപ്പാക്കുന്നതിന് എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ലെവൽ കമ്മിറ്റി പ്രവർത്തിച്ചുവരുന്നു. ഡിസ്ട്രിക്ട് ലെവൽ കമ്മിറ്റി മൂന്ന് മാസം കൂടുമ്പോൾ കൂടാറുണ്ട്. ബഹു.സുപ്രീം കോടതിയിലുള്ള ഡബ്ല്യൂ.പി.(ക്രിമിനൽ) 310/2005 എന്ന റിട്ട് ഹർജിയിന്മേൽ ബഹു.കോടതി, മജിസ്ട്രേറ്റ്/ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ്/സെഷൻസ് ജഡ്ജ് എന്നിവർ എല്ലാ ജയിലുകളിലും സിറ്റിംഗ് നടത്തി സെക്ഷൻ 436 Cr.P.C.-യുടെ പരിധിയിൽ വരുന്ന ആരോപിക്കപ്പെട്ട കുറ്റത്തിന് നൽകാവുന്ന ശിക്ഷയുടെ പകുതി കാലം പിന്നിട്ട വിചാരണ തടവുകാർ ഉണ്ടോ എന്ന് പരിശോധിച്ച് അത്തരക്കാരെ മോചിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് മജിസ്ട്രേറ്റുമാർ ജയിലുകളിൽ പ്രത്യേക സിറ്റിംഗ് നടത്തിവരുന്നുണ്ട്. ഈ സാഹചര്യത്തിൽ വിചാരണ തടവുകാർ അനന്തമായി ജയിലുകളിൽ കഴിയുന്ന സാഹചര്യം ഒഴിവാകുന്നുണ്ട്. |
| സി) വിചാരണ തടവുകാരിൽ നിരപരാധികളെന്നു കണ്ടെത്തുന്നവരുടെ ഭാവി സുരക്ഷിതമാക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | സി) പദ്ധതികളൊന്നും നിലവിലില്ല. ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലുമില്ല. |

സെക്ഷൻ ഓഫീസർ